(ബി) വര്യോല വ്യവസ്ഥയനുസരിച്ചാണ് പലിശ ഈടാക്കുന്നത്.

(സി) കേരള ചിട്ടി നിയമത്തിലെ 24 (1) വകുപ്പനുസരിച്ച്, ചിട്ടി പിടിക്കാത്ത ചിറ്റാളൻ ചിട്ടിത്തവണ മുടക്കുന്ന പക്ഷം 9% നിരക്കിൽ പലിശ ഈടാക്കാവുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചാൽ ആലോചിക്കാവുന്നതാണ്.

ബാക്ക്വേഡ് ഡിസ്ട്രിക്ട് ഏരിയാ ഫണ്ട്

44 [3906] *ശ്രീമതി രാധാരാഘവൻ:*
ശ്രീ. വി. ജെ. പൗലോസ്:
,, *എ. സുജനപാൽ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാക്ക്വേഡ് ഡിസ്ട്രിക്ട് ഏരിയാ ഫണ്ടായി കേന്ദ്രം എന്ത് തുകയാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബ) സംസ്ഥാനത്തിന് പ്രസ്തുത ഫണ്ടിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ടിൽനിന്നും സംസ്ഥാനത്തിനും ധനസഹായം ലഭിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇന്ത്യയിലെ തെരഞ്ഞെടുത്ത പിന്നോക്ക ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയായ രാഷ്ട്രീയ സാം വികാസ് യോജന പ്രകാരം കേരളത്തിന് 30 കോടി രൂപ 2005-2006 വർഷത്തിൽ പ്ലാനിംഗ് കമ്മീഷൻ വകയിരുത്തിയിട്ടുണ്ട്.

(ബി) 2005-2006-ൽ 30 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉദിക്കുന്നില്ല.

പണികൾ നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളുടെ ആക്ഷൻപ്ലാൻ

45 [3907] *ശ്രീ. സി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണികൾ നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളുടെ ആക്ഷൻപ്ലാൻ അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഓരോ പദ്ധതിയുടേയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പുതുക്കിയ ആക്ഷൻപ്ലാൻ അനുസരിച്ച് ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പദ്ധതിയുടെ ആക്ഷൻപ്ലാൻ പ്രത്യേകമായി പുതുക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

പദ്ധതി	*അനുവദിച്ച തുക (ലക്ഷത്തിൽ)*
കാരാപ്പുഴ	1100
ബാണാസുരസാഗർ	300
കുറിയാർകുറ്റി-കാരപ്പാറ	555.44
ആർ.സി.ബി. തൃത്താല	800.00
ആർ.സി.ബി. ചമ്രവട്ടം	50.00
ഇടമലയാർ	1548.19

കൂടാതെ മൂവാറ്റുപുഴ പദ്ധതിയുടെ ആക്ഷൻപ്ലാനും, വൈന്റിംഗ് അപ് പ്രോജക്ടുകളുടെ ആക്ഷൻപ്ലാനും പരിശോധിച്ചു വരുന്നു.

(സി)

പദ്ധതി	*പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വർഷം*	
ഇടമലയാർ	ഡിസംബർ	2006
മൂവാറ്റുപുഴ	മാർച്ച്	2006
കാരാപ്പുഴ		2006
ബാണാസുരസാഗർ		2006
ആർ.സി.ബി. തൃത്താല		2005

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly